# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/81/2017 പത്രക്കുറിപ്പ് 2017 ഏപ്രിൽ 19

**എം.ജി. പഠനവകുപ്പുകളിൽ പി.ജി പ്രവേശനം : ഓൺലൈൻ രജിസ്ട്രേഷൻ മെയ് 10 വരെ.**

എം. ജി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി പ്രവേശനത്തിനായുള്ള ക്യാറ്റ് ഓൺലൈൻ രജിസ്ട്രേഷൻ മേയ് 10 വരെ നടത്താം. എം.എ, എം.എസ്‌സി, എൽ.എൽ.എം, എം.റ്റി.റ്റി.എം, എം.എഡ് കോഴ്സുകളിലാണ് പ്രവേശനം. ് അവസാനവർഷ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷിക്കാം. തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവയാണ് പരീക്ഷാകേന്ദ്രങ്ങൾ. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് ഇതേ വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുള്ള നോട്ടിഫിക്കേഷനും പ്രോസ്പെക്ടസും കാണുക. പൊതുവിഭാഗത്തിന് 800/- രൂപയും, പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് 400/- രൂപയുമാണ് അപേക്ഷാഫീസ്. അപേക്ഷാഫീസും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഡെബിറ്റ് കാർഡ്, എ.റ്റി.എം, ഇന്റർനെറ്റ് ബാങ്കിങ് വഴിയും അല്ലാത്തവർക്ക് സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഫീസടക്കാവുന്നതാണ്.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജനുവരി/ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇൻഫർമേഷൻ ടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 28 ന് കോന്നി വി.എൻ.എസ് ആർട്സ് & സയൻസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഫെബ്രുവരിയിൽ നടത്തിയ നാലാം വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 28 വരെ സ്വീകരിക്കും

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് - മെറ്റീരിയൽ സയൻസ് (സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഹോം സയൻസ് ബ്രാഞ്ച് എ, ഡി, ഇ (സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജനുവരിയിൽ നടത്തിയ എട്ടാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സര) സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷ കൾ ഏപ്രിൽ 27 വരെ സ്വീകരിക്കും.

2016 ഒക്ടോബറിൽ നടത്തിയ രണ്ടാം വർഷ ബി. എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 1 വരെ സ്വീകരിക്കും.

**എം.ജി. പ്രോ വൈസ്ചാൻസിലർക്ക് യാത്രയയപ്പ് : സിൻഡിക്കേറ്റ് യോഗം 24 ന്**

മഹാത്മാഗാന്ധി സർവ്വകലാശാല പ്രൊ - വൈസ്ചാൻസലർ ഡോ : ഷീനാഷുക്കൂറിന് യാത്രയയപ്പ് നൽകുന്നതിനായി സിൻഡിക്കേറ്റിന്റെ യോഗം ഏപ്രിൽ 24 ന് 12.30 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**നൈപുണ്യ പഠനം വഴി വിദ്യാർത്ഥികൾ സമൂഹത്തിന്റെ സമ്പത്താകണം : എം. ജി വൈസ്ചാൻസലർ (ദയവായി എല്ലാ എഡിഷനുകളിലും)**

യുവതലമുറ വിവിധ മേഖലകളിലെ തോഴിൽ സാധ്യതകൾ മുന്നിൽ കണ്ട്, നൈപുണ്യ പഠനം വഴി സമൂഹത്തിന്റെ സമ്പത്തായി മാറണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ : ബാബു സെബാസ്റ്റ്യൻ അഭിപ്രായപ്പെട്ടു.

നൈപുണ്യ വികസനം സർവ്വകലാശാലാ തലത്തിൽ ബിരുദ കോഴ്സുമായി സംയോജിപ്പിക്കുന്ന സർക്കാർ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം മണർകാട് സെന്റ് മേരീസ് കോളേജിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം .

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ ഈ പദ്ധതി പ്രകാരം 26 ൽ പരം കോളേജുകളിൽ അധിക നൈപുണ്യ വികസന കോഴ്സുകൾ ഉടൻ ആരംഭിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ഓരോ കോളേജിലും 30 വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതി പ്രകാരം പ്രവേശനം നൽകുന്നത്. സർവ്വകലാശാലയും സംസ്ഥാന സർക്കാരും നൽകുന്ന സംയുക്ത സർട്ടിഫിക്കേഷൻ, ഈ പദ്ധതിയുടെ സവിശേഷതയാണ്.

ചടങ്ങിൽ അധിക നൈപുണ്യ വികസന പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ : എസ്. രാജു കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ : പുന്നൻകുര്യൻ വേങ്കടത്ത്, ജില്ലാ പ്രോഗ്രാം മാനേജർ ബിനോജ് എബ്രഹാം, അജു മാത്യൂ, ചിത്രലേഖ എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

നൈപുണ്യ വികസനം സർവ്വകലാശാലാ തലത്തിൽ ബിരുദ കോഴ്സുമായി സംയോജിപ്പിക്കുന്ന സർക്കാർ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ : ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**